സാധന നിയമപ്രകാരം നടപടികൾ കൈക്കൊള്ളുന്നതിന് വകുപ്പിൽ സംവിധാനമുണ്ട്.

(2) കച്ചവടക്കാർ ദിനംപ്രതി വിലവിവരപ്പട്ടിക പ്രദർശിപ്പിക്കണമെന്നുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാ തലത്തിൽ ജില്ലാ കളക്ടർ ചെയർമാനും ജില്ലാ സപ്ലൈ ആഫീസർ കൺവീനറുമായി ഒൻപതു വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാരടങ്ങിയ ഒരു മോണിറ്ററിംഗ് സെൽ പ്രവർത്തിക്കുന്നുണ്ട്. മോണിറ്ററിംഗ് സെല്ലിന്റെ നേതൃത്വത്തിൽ മിന്നൽ പരിശോധനകളും, റെയ്ഡുകളും നടത്തി, കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിച്ചുവരുന്നു. ഇവയുടെ പ്രവർത്തനങ്ങൾ വിലയിരുത്താൻ സംസ്ഥാന പ്രൈസ് കൺട്രോൾ ആന്റ് മോണിറ്ററിംഗ് സെല്ലും പ്രവർത്തിക്കുന്നുണ്ട്.

മാവേലീസ്റ്റോറുകളുടെ പ്രവർത്തനത്തിന് ജനകീയ കമ്മിറ്റികൾ

99 (756) ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി മാവേലീസ്റ്റോറുകളും സൂപ്പർ മാർക്കറ്റുകളും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ എത്ര മാവേലീ സ്റ്റോറുകൾ പ്രവർത്തിച്ചുവരുന്നു;

(സി) ഈ സർക്കാർ കഴിഞ്ഞ നാലുവർഷത്തിനിടയിൽ എത്ര മാവേലീ സ്റ്റോറുകൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) മാവേലീസ്റ്റോറുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്താൻ പഞ്ചായത്ത് തലത്തിൽ ജനകീയ കമ്മിറ്റികൾക്ക് രൂപം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 753 മാവേലീസ്റ്റോറുകളും 21 സഞ്ചരിക്കുന്ന മാവേലീസ്റ്റോറുകളും സംസ്ഥാനത്ത് ഇപ്പോൾ പ്രവർത്തിച്ചുവരുന്നു.

(സി) 107 പുതിയ മാവേലീസ്റ്റോറുകൾ ആരംഭിച്ചു. അടച്ചുപൂട്ടിയിരുന്ന 15 മാവേലീസ്റ്റോറുകൾ വീണ്ടും തുറന്നു പ്രവർത്തനം ആരംഭിച്ചു.

(ഡി) ഇതു സംബന്ധിച്ച നിർദ്ദേശമൊന്നും നിലവിലില്ല.

പുതിയ മാവേലീസ്റ്റോറുകളും അവയിലെ നിയമനങ്ങളും

100 (757) ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly